പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 824

11/03/2015 -ൽ
മറുപടിയ്ക്കു

**<u>ശബരിമല തീർത്ഥാടകർക്ക് നൽകുന്ന അരവണയുടെ ഗുണനിലവാരം</u>**

<u>ചോദ്യം</u>

ശ്രീ. രാജു എബ്രഹാം

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) കഴിഞ്ഞ തീർത്ഥാടന കാലത്ത് ശബരിമല തീർത്ഥാടകർക്ക് ആവശ്യത്തിനുള്ള അരവണ ലഭിച്ചില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അരവണ വിതരണം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ; | എ) ഇക്കഴിഞ്ഞ സീസൺ കാലയളവിൽ അരവണ വിതരണം മുടങ്ങി നിർത്തിവച്ച സംഭവം ഉണ്ടായിട്ടില്ല. കുത്തക ഏറ്റിരുന്ന ചില സ്ഥാപനങ്ങൾ എത്തിച്ച കൽക്കണ്ടം, ഉണക്കമുന്തിരി എന്നീ സാധനങ്ങൾ ഗുണനിലവാരമില്ലാത്തതാണെന്ന് ഫുഡ് സേഫ്റ്റി വിഭാഗം കണ്ടെത്തിയതിനെ തുടർന്ന് അരവണ നിർമ്മാണം താത്കാലികമായി കുറയ്ക്കുകയും ഭക്തജനങ്ങൾക്ക് അരവണ ബൾക്ക് കോൺഡിറ്റി നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക മാത്രമാണുണ്ടായത്. എന്നാൽ ഇത് പൂർണ്ണമായി ഉടനടി പരിഹരിക്കുകയും ചെയ്തു. |
| ബി) അരവണ നിർമ്മാണത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ദേവസ്വം ബോർഡ് പാലിക്കാറുണ്ടോ; അരവണ നിർമ്മാണത്തിനുള്ള വസ്തുക്കൾ എങ്ങനെയാണ് ദേവസ്വം ബോർഡിന് ലഭിക്കുന്നത്; ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൻെറ ലൈസൻസും രജിസ്ട്രേഷനും ദേവസ്വം ബോർഡ് നേടിയിട്ടുണ്ടോ? | ബി) അവരണ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ ടെൻഡർ നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത് ടെൻഡറിനൊപ്പം സാമ്പിളുകൾ കൂടി എത്തിക്കുവാൻ ടെൻഡർ വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് ലഭിക്കുന്ന സാമ്പിളുകൾ ഗുണനിലവാരമുള്ളതാണെന്ന ഫുഡ് സേഫ്റ്റി വിഭാഗത്തിൻെറ സാക്ഷ്യപത്രം ലഭിച്ചാൽ മാത്രമേ പ്രസ്തുത ടെൻഡർ പരിഗണിക്കുകയുള്ളൂ. കൂടാതെ ശബരിമലയിലും പമ്പയിലും ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തിക്കുന്നുണ്ട്. ലാബ് റിപ്പോർട്ട് തൃപ്തികരമെങ്കിൽ മാത്രമേ സാധനങ്ങൾ ഏറ്റുവാങ്ങാറുള്ളൂ. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് 1950 പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പ്രസാദത്തിന് ഫുഡ് സേഫ്റ്റി പരിശോധന നടത്താറില്ല. എന്നാൽ ശബരിമലയിൽ പ്രസാദ നിർമ്മാണത്തിന് ലഭ്യമാക്കുന്ന ശർക്കര, ഉണക്കലരി മുതലായ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. പ്രസാദ നിർമ്മാണത്തിന് ശേഷം ഗുണനിലവാരം പരിശോധിക്കേണ്ട ആവശ്യമില്ല. എങ്കിലും ബഹു. ഹൈക്കോടതി നിർദ്ദേശാനുസരം ഫുഡ് സേഫ്റ്റി വിഭാഗം മോയിസ്റ്റർ കണ്ടെൻറ് പരിശോധിക്കാറുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഫുഡ് സേഫ്റ്റി ലൈസൻസ് ഇല്ല. |

സെക്ഷൻ ഓഫീസർ